# പതിനാലാം കേരള നിയമസഭ
# (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1249** **05.03.2020-ൽ മറുപടിയ്ക്ക്**

## മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പുനരധിവാസം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എൻ.എ ഖാദർ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) സംസ്ഥാനത്തെ തീരദേശങ്ങളിലെ വേലിയേറ്റ രേഖയിൽ നിന്ന് മത്സ്യത്തൊഴിലാളി കുടുംബങ്ങളെ താമസം മാറ്റി പുനരധിവസിപ്പിക്കുന്നതിനായി വകുപ്പ് വിഭാവനം ചെയ്ത 'പുനർഗേഹം' പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ്; ഇത് എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്നറിയിക്കുമോ; | എ) തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന കുടുംബങ്ങളെ സുരക്ഷിതമേഖലയിലേക്ക് പുനരധിവസിപ്പിക്കുന്നതിനായി 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയ്ക്കായി 1398 കോടി രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ബാക്കി 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. 2019-20 മുതൽ 2021-22 വരെയുള്ള 3 വർഷ കാലയളവിൽ പദ്ധതി പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിനായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ മാറി താമസിക്കാൻ സന്നദ്ധരായ 8487 കുടുംബങ്ങളെ പുനരധിവസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. നിലവിൽ ജില്ലകളിൽ മാറി താമസിക്കാൻ സന്നദ്ധരായ 8911 പേരുടെ പട്ടിക ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ചെയർമാനായ ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചു. 323 പേർ സ്ഥലം കണ്ടെത്തി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) ഇതിന്റെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; ആയതിൽ എത്ര പേർ ഉൾപ്പെട്ടിട്ടുണ്ട്; ഇതു പ്രകാരമുള്ള ധനസഹായം എത്രയാണ്; ഇതിനായുള്ള പ്രതീക്ഷിത ചെലവ് എത്ര, നടപ്പ സാമ്പത്തിക വർഷം ചെലവ് ചെയ്യുന്നതിന് തുക വകയിരുത്തിയിട്ടുണ്ടോ, വ്യക്തമാക്കുമോ? | ബി) ഫിഷറീസ് വകുപ്പ് 2018-19 ൽ നടത്തിയ സർവ്വേ പ്രകാരം തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ 18,685 കുടുംബങ്ങളുണ്ടെന്ന് കണ്ടെത്തിയിരുന്നു. 10 ലക്ഷം രൂപ നിരക്കിൽ ധനസഹായം നൽകുന്നതിന് 1868.50 കോടി രൂപയാണ് പ്രതീക്ഷിത ചെലവ്. കൂടാതെ നിലവിൽ നടപ്പാക്കി കൊണ്ടിരിക്കുന്ന പുനരധിവാസ പദ്ധതികളിൽ ഉൾപ്പെട്ട 1798 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ധനസഹായം നൽകി പദ്ധതി |

പൂർത്തീകരണത്തിന് 68.49 കോടി രൂപയും 772 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസി പ്പിക്കുന്നതിന് വകുപ്പ് നിലവിൽ നടപ്പാക്കുന്ന ഫ്ളാറ്റ് നിർമ്മാണത്തിന് ആവശ്യമായ 78.20 കോടി രൂപയും ഫ്ളാറ്റ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന് കണക്കാക്കിയിട്ടുള്ള 425.15 കോടി രൂപയും പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അനുബന്ധ ചെലവുകൾക്കായി 9.66 കോടി രൂപയും ഉൾപ്പെടെ പദ്ധതിയുടെ ആകെ തുക 2450 കോടി രൂപയാണ്. നടപ്പ് സാമ്പത്തിക വർഷത്തിൽ പദ്ധതി നിർവ്വഹണത്തിനായി 200 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

Sheeba

**സെക്ഷൻ ആഫീസർ**